












**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (09-01-16) 7:00 am to 9:00 am (NECK South Tent)**


**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.
*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*
**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**
**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

*For private circulation only*

# Prayer Meeting Schedule for Jan.-2016

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 15-01 | Mr. Binu Varghese | Opp Puthuma Saloon, | Flr. 16 | Flat 04 | 66764194 |
| 22-01 | Mr. James George | Address Building | 14 | 03 | 66465095 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 08-01 | Mr. Scriah Thomas | Jenny's Beauty Parlour Building | GF | | 65004988 |
| 15-01 | Mr. Ajoy Jacob George | Opposite To Al Razi Pharmacy 2nd Bldg. | 06 | 25 | 99182907 |
| 22-01 | Mr. Josey George | Land Scape Building | 09 | 35 | 90003592 |
| 29-01 | Mr. John Varghese | Opposite To Euro Asia Travels | 05 | 19 | 97216503 |
| **St. Dionysius Prayer (Abbasiya) Sec : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 15-01 | Mr. V.T Mathew | Eden Stores Bldg. | 04 | 11 | 90949681 |
| 29-01 | Mr. Anil Abraham | Opp. Spensers Bldg. | 01 | 07 | 67083585 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 60034002 (Time - 5:30 pm)** | | | | | |
| 22-01 | Mr. Liju Varghese | Near Intergrated School | 06 | 43 | 60392361 |
| 29-01 | Mr. George Pappachen | Madan Saloon Bldg. | 03 | 09 | 66222702 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 08-01 | Mr. Thomas P John | Bldg. 30, Riggae Plaza Restaurant Building | 04 | 08 | 66824275 |
| 22-01 | Mr. Binoy Thankachan | Bldg. 38, Old Riggae | 04 | 02 | 97329268 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 15-01 | Mr. Jobi Chacko | Behind Dar Al Shifa Hospital, Shettys Future Store Bldg. | 22 | 06 | |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |




Steve Sunoj
Irene Anna Shony
Hanna Elizabeth Joji
Reno Cherian
Alpha Rachel Binu
Anna Mariya Raju
Irene Ann Anil
Alena Mariyam Alex
Jenita elsa Jiji

HEARTHFUL WISHES




My dear beloved in Christ,
Now the Christmas is over, our thoughts quickly turn to the year ahead. Before us stretches a new year, a new beginning. The old is past, put away forever. God invites us always to forget about all the distrust and fears, all the anxieties of the past, all the resentments we have been holding against others, all the grudges, all the criticisms--to put them away and begin again. The book of Job ends on a note of contentment and peace. "After this Job lived a hundred and forty years; he saw his children and their children to the fourth generation. And so he died, old and full of years" (Job 17-42:16). Job was probably about seventy when the book opens, so he is an old man. What a picture of peace, a contented man. God had greatly blessed him.
The question that hovers over us as we close this book (and I feel it deeply in my own heart) is, On what basis am I going to live in this new year? Will it be on the old basis of it-all-depends-on-me, do-it-yourself goodness before God, trying my best to be pleasing to God and meaning it with all my heart but never realizing the depths of evil with which I have to deal? Or will I accept the gift of God that is waiting for me every day, fresh from His hand, a gift of forgiveness, of righteousness already mine, of a relationship in which He is my dear Father and I am his cherished, beloved son, and in which I therefore have provided for me all I need, all day long, so that I may say no to evil and yes to truth and right?
Will it be on that basis? If it is, this will be a year in which my life will be characterized by peace, fragrance, and beauty. And so will yours. Or, if we insist on living it on the same old basis, we will find ourselves like these friends of Job, arousing the anger and the wrath of God. Though He is patient and merciful, our only escape will be to repent of our evil and rest upon the righteousness of our perfect substitute and return to God for the blessing that He is waiting to give. That is the choice before us, every one of us. How are we going to live in this new year?
"Infuse your life with action. Don't wait for it to happen. Make it happen. Make your own future. Make your own hope. Make your own love. And whatever your beliefs, honor your creator, not by passively waiting for grace to come down from upon high, but by doing what you can to make grace happen... yourself, right now, right down here on Earth". B. Whitford
May this new year Almighty God bless you with victory and success on everything you do. **Wishing you a happy and prosperous New year.**

Yours in the service of our Lord Jesus Christ,
Sanjuachen.

**Mob.: 99153036**

വിശുദ്ധ സ്തേഫാനോസ് സഹദാ ക്രിസ്തീയ രക്തസാക്ഷികളിൽ ഒന്നാമൻ (Proto Martyr) സഭയിലെ ആദ്യ ഏഴു ശെമ്മാശ്ശന്മാരിൽ മുമ്പൻ. അപ്പോസ്തോല പ്രവർത്തികൾ 6.7 ആധ്യായങ്ങളിലാണ് വി. സ്തേഫാനോസ് സഹദായെ നാം കാണുന്നത്.

## തിരഞ്ഞെടുക്കപ്പെടുന്ന പശ്ചാത്തലം

ദരിദ്രരായ സഹോദരങ്ങളോടുള്ള കരുതലിന് യഹൂദന്മാർക്ക് കൃത്യമായ ദൈവ നിർദേശം ലഭിച്ചിരുന്നു. ആവർത്തനപുസ്തകം 15-ാംമധ്യായം 7 മുതൽ 11 വരെ വാക്യങ്ങളിൽ നാം വായിക്കുന്നു. ദരിദ്രനായ സഹോദരന്റെ നേരെ നിന്റെ ഹൃദയം കഠിനമാക്കാതെയും കൈ അടയ്ക്കാതെയും, നിന്റെ കൈ അവന് മനസ്സോടെ തുറന്നു കൊടുക്കേണം. (vs11). ദരിദ്രരെ നീ അവന് കൊടുത്തേ മതിയാവൂ (vs10). ദരിദ്രരെ കരുതുന്നതിൽ അതുകൊണ്ടു തന്നെ യഹൂദന്മാർ മുൻകൈ എടുത്തിരിക്കുന്നു. അവർ അനുവർത്തിച്ചിരുന്ന ഒരു രീതി ഉണ്ട്. ഉദാരദാനങ്ങൾ ശേഖരിക്കുന്നതിനായി നിയോഗിക്കപ്പെട്ടവർ എല്ലാം വെള്ളിയാഴ്ച്ചയും ഭവനങ്ങൾ ചുററിനടന്ന് പണമായും, സാധനങ്ങളായും, സംഭാവനകൾ സ്വീകരിക്കും. അന്നു വൈകിട്ട് അത് ആവശ്യക്കാർക്കായി വിതരണം ചെയ്യും. താത്കാലിക ആവശ്യക്കാർക്ക് മതിയായ ദാനം കൊടുക്കുക്കും. എന്നാൽ സ്ഥിരമായി സഹായം ആവശ്യമായിരിക്കുന്നവർക്ക് ഏഴു ദിവസത്തേക്കുള്ളത് ഒന്നിച്ചു നൽകി സഹായിക്കും. സാധു ജന സഹായത്തിനുള്ള ഈ ഫണ്ട് 2 രീതിയിൽ ഉണ്ടായിരുന്നു.

1. Tamhui (Based on biological crieteria such as giving food and shelter to all)
2. Quppa (is a form of restorative charity as a way to address the realative individual and social needs of the poor).

ആധുനിക കാലഘട്ടത്തിൽ "Tzedakah" എന്ന പേരിൽ യഹൂദന്മാർ ഇത് അനുവർത്തിക്കുന്നു. (Alms giving).

ക്രിസ്തീയ സഭയുടെ പ്രാരംഭകാലത്ത് ഈ നടപടികൾ കുറച്ചുകൂടി ഗൗരവതരമായി വി. സഭ പിൻതുടർന്നു. (Acts 2:44-46 : വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്ന് എണ്ണുകയും, ജന്മഭൂമികളും വസ്തുക്കളും വിററ് അവനവന് ആവശ്യം ഉള്ളതുപോലെ, എല്ലാവർക്കും പങ്കിടുകയും...., Acts 4:34-35 : മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല; നിലങ്ങളുടെയോ, വീടുകളുടെയോ ഉടമസ്ഥരായവൻ ഒക്കെയും അവയെ വിററ് വില കൊണ്ടുവന്ന് അപ്പോസ്തൊലന്മാരുടെ കാല്ക്കൽ വെക്കും; പിന്നെ ഓരോരുത്തന്ന് അവനവന്റെ ആവശ്യപോലെ വിഭാഗിച്ചു കൊടുക്കും).

എന്നാൽ ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചപ്പോൾ ചില പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടായി. അത് ഭിന്നതയ്ക്കും പിറുപിറുപ്പിനും കാരണമായി. യഹൂദന്മാരിൽ തന്നെ 2 വിഭാഗങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നു.

1. ഹീബ്രു ഭാഷയുടെ തരുവമായ അറാമയിക് സംസാരിക്കുന്നവർ ഇവർ എബ്രായ ഭാഷക്കാർ എന്ന് പൊതുവെ അറിയപ്പെട്ടിരുന്നു.
2. ഗ്രീക്ക് ഭാഷ അഥവാ യവനഭാഷ സംസാരിക്കുന്നവർ.

പാലസ്തീൻ നാടിന് വെളിയിൽ താമസിച്ചിരുന്നവർ തങ്ങളുടെ ചുററുപാടനുസരിച്ച് ഗ്രീക്കുഭാഷ കൈകാര്യം ചെയ്തുവന്നു. എബ്രായഭാഷക്കാർക്ക് യവനായ ഭാഷക്കാരോട് പൊതുവെ പുച്ഛമായിരുന്നു. എന്നാൽ സഭയുടെ പ്രാരംഭകാലത്ത് ഈ രണ്ടു വിഭാഗക്കാരും സഭയിലേക്ക് വന്നു. ദിനംപ്രതി ഭക്ഷണം വിതരണം ചെയ്യുമ്പോൾ യവന ഭാഷക്കാരുടെ വിധവമാരെ ഉപേക്ഷയായി വിചാരിക്കുന്നു എന്നു പറഞ്ഞ് പിറുപിറുപ്പുണ്ടായി (Acts 6:1).

അപ്പോസ്തോലന്മാർ തിരുവചനശുശ്രൂഷ വിട്ട് ഭക്ഷണ വിതരണ കാരയം ഏറെറടുക്കുന്നത് പ്രായോഗികമായി പ്രയാസമായി വന്നതിനാൽ, മേശകളിലെ (Common Agape) ശുശ്രൂഷയ്ക്കായി ആത്മാവും, ജ്ഞാനവും നിറഞ്ഞ്, നല്ല സാക്ഷ്യം പ്രാപിച്ചവരായ ഏഴു പുരുഷന്മാരെ തിരഞ്ഞെടുത്തു. (Acts 6:5). പേരുനോക്കിയാൽ ആറുപേരും യവനഭാഷ സംസാരിക്കുന്നവരായിരുന്നു. ഒരാൾ മാത്രം യഹൂദ മതാനുസാരി (Proselyte) ആയിരുന്നു. പിന്നീട് യഹൂദമതം സ്വീകരിച്ച അന്ത്യോക്യക്കാരൻ നിക്കൊലാവോസ് ആയിരുന്നു അത്. അപ്പോസ്തോലന്മാർ അവർക്ക് Ordination നൽകി Deacons ആക്കി അവരിൽ ഒന്നമാനായിരുന്നു സ്തേഫാനോസ്. സ്തേഫാനോസ് എന്ന പേരിന്റെ അർത്ഥം Crown അഥവാ കിരീടം എന്നാണ്. യാക്കോബ് 1:12ൽ നാം വായിക്കുന്നതുപോലെ പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. വി. സ്തേഫാനോസ് സഹദായിൽ ഈ വാഗ്ദത്തം അന്വർത്ഥമാണ് എന്നതിൽ സംശയിമില്ല.

വി. സ്തേഫാനോസിന്റെ ജീവിതം നമ്മോടു സംവദിക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്.

## വി. സ്തേഫാനോസ് പരിശുദ്ധാത്മാവും, ജ്ഞാനവും, വിശ്വാസവും നിറഞ്ഞവനായിരുന്നു. (Acts 6:3-5)

അപ്പോസ്തല പ്രവർത്തനങ്ങൾ 6 ന്റെ 3 മുതൽ 5 വരെ വാക്യങ്ങളിൽ ഈ ശുശ്രൂഷയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ കാണുന്നു. അവ പരിശുദ്ധാത്മനിറവ്, ജ്ഞാനം, വിശ്വാസം നല്ല സാക്ഷ്യം എന്നിവയാണ്. ഇക്കാലഘട്ടത്തിലെപ്പോലെ ഒരു പക്ഷേ, ചില സംവരണതത്വങ്ങൾ ആയിരുന്നില്ല അന്ന് പരിഗണിക്കപ്പെട്ടത്. ഇന്ന് സാമൂഹികമായും, രാഷ്ട്രീയമായും, സദാചരമായുമെല്ലാം ഉൾക്കാഴ്ച്ച നൽകേണ്ടതാണീ തിരുവചന കാഴ്ച്ചപ്പാട്.

## പരിശുദ്ധാത്മനിറവ്.

വിശുദ്ധ മൂറോൻ അഭിഷേകത്തിലൂടെ നിത്യജീവന്റെ അച്ചാരമായ പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നുണ്ട്. എന്നാൽ ഗലാ. 5:22ൽ പറയുന്നതുപോലെ ആത്മാവിൽ നിറഞ്ഞ് ഫലം പുറപ്പെടുവിക്കുവാൻ നമുക്കാകുന്നുണ്ടോ?. നമുക്കൊരു Spiritual Apathy (Spiritual Coldness) പിടിപെട്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. തണുത്തു റഞ്ഞ് മന്ദീഭവിച്ച ആത്മീയത മാററപ്പെടേണ്ടതുതന്നെയാണ്. പലപ്പോഴും ഭൗതീകതയ്ക്കും, സ്ഥാപനവൽക്കരണത്തിനുമാണ് നമ്മുടെ കഴിവും, ധനവും, സമയവും, വിനിയോഗിക്കപ്പെടുന്നത്. അവ ഒട്ടുമേ വേണ്ട എന്നല്ല. അവയിലൂടെയെല്ലം പ്രായോഗിക മാക്കപ്പെടേണ്ടതായ Doing Theology വ്യക്തിപരമായും, ഇടവകതലത്തിലും, സഭാതലത്തിലും, പ്രവർത്തിപഥത്തിൽ എത്തിക്കാൻ നമുക്കാകണം. അന്ത്യദിനം ആടുകൾ വേർതിരിക്കപ്പെടുമ്പോൾ ചോദിക്കപ്പെടുന്ന 6 കാര്യങ്ങൾ. ഞാൻ വിശന്നിരുന്നു, ഞാൻ ദാഹിച്ചിരുന്നു, ഞാൻ അതിഥി ആയിരുന്നു, ഞാൻ രോഗിയയായിരുന്നു, ഞാൻ നഗ്നനായിരുന്നു, ഞാൻ തടവിലായിരുന്നു. നിങ്ങൾ എന്നോട് എങ്ങനെ പ്രതികരിച്ചു (വി. മത്താ. 25:31-46) എന്നതു മാത്രമാണല്ലോ. കത്തിജ്വലിച്ചു കൊണ്ടിരിക്കുന്ന കനൽ കൂമ്പാരത്തിൽ നിന്ന് ഒരു കനൽ പുറത്തേക്കെടുത്തുവച്ചാൽ അത് വെറും കരിക്കട്ടയായി മാറുന്നു. അതുപോലെ പരിശുദ്ധാത്മാവിന്റെ ജ്വലനം സംഭവിക്കുന്ന വി. സഭയുടെ ആരാധനാ സംസർഗ്ഗത്തിൽ നിന്നും, ഇടവക തലത്തിലുള്ള പ്രാർത്ഥനക്കൂട്ടായ്മകളിൽ നിന്നും നാം ഒഴിഞ്ഞിരിക്കരുത്. ഇനി, കൂടിവരുന്നവർ തന്നേ, നല്ല ആത്മാവിലാണോ അത് ചെയ്യുന്നതെന്ന് വിചിന്തനം ചെയ്യുകയും വേണം. റോമർ 12:11ൽ ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ എന്ന് വായിക്കുന്നു.

യിര. 48:10 യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (sloth - deadly sin) എന്നു കാണുന്നു. ഈ ആത്മ്മിയ ഉദാസീനതയും, മന്ദതയും നിസംഗതയും ഒഴിവാക്കുകയാണ് ആരാധനനുഷ്ഠാനങ്ങളുടെയും, പെരുന്നാളാചരണങ്ങളുടെയും ഉദ്ദേശ്യം. അതിന് സ്തേഫാനോസ് സഹദായുടെ ഓർമ്മതിരുന്നാൾ പ്രചോദനമാകണം.

## ജ്ഞാനം

അറിവും (Knowledge), ജ്ഞാനം (Wisdom) തമ്മിൽ അന്തരമുണ്ട്. Ginosko, Sophia എന്നീ ഗ്രീക്ക് വക്കുകളാണ് തദനുസരണമായി ഉപയോഗിക്കപ്പെടുന്നത്. (Knowledge) മുതൽ Secular Education മുതൽ Google search വരെയുള്ള കാര്യങ്ങൾ നമുക്ക് അറിവുകൾ നൽകും. പക്ഷേ ജ്ഞാനം, ദൈവീകമാണ്. അത് ഉയർത്തിൽ നിന്ന് ലഭിക്കേണ്ടതാണ് (യാക്കോബ് 1:5). സദൃശ്യവാക്യങ്ങൾ 2ന്റെ 6ൽ യഹോവയല്ലോ ജ് ഞാനം നൽകുന്നത്. അവന്റെ വായിൽ നിന്ന് പരിജ് ഞാനം വിവേകവും വരുന്നു എന്ന് നാം വായിക്കുന്നു. യേശുക്രിസ്തു തന്നെയാണ് യഥാർത്ഥ ജ് ഞാനം എന്ന് 1 കൊരി 1:30ൽ കാണുന്നു. ഈ ക്രിസ്തു യേശുവിനുവേണ്ടിയുള്ള തീക്ഷ്ണതയാണ്, വി. സ്തേഫാനോസിന് യഥാർത്ഥജ് ഞാനം നൽകിയത്. തന്റെ ദൗത്യ നിർവ്വഹണത്തിൽ അത് സ്തേഫാനോസിനെ എങ്ങനെയാണ് സഹായിച്ചതെന്ന് നോക്കാം.

Acts 6:9ൽ ലിബർത്തീൻ ('Libertini' means 'Freedman'-They were probably Jews, who having been taken prisoners by Pompey and other Roman generals in the Syrian wars, had been reduced to slavery and had afterward been emancipated and returned permanently or for a time, to the country of their fathers.) എന്ന് പേരിലുള്ള പള്ളിക്കാരിലും, കുറേനക്കരിയും, അലക്സാന്ത്രിയക്കാരിലും, കിലിക്യ, ആസ്യ എന്ന ദേശക്കാരിലും ചിലർ എഴുന്നേററ് സ്തേഫാനോസിനോട് തർക്കിച്ചു. എന്നാൽ അവൻ സംസാരിച്ച ജ്ഞാനത്തോടും, ആത്മാവോടും എതിർത്തു നിൽപ്പാൻ അവർക്ക് കഴിഞ്ഞില്ല. That means he was ready to handle with different cultures because of his language proficiency. ഈ ചിന്ത പങ്കുവെക്കുന്ന അവസരത്തിൽ, കേരളത്തിന് പുറത്തേക്ക് ലോകമെമ്പാടും Malankara Orthodox സഭ വളരുവാൻ നമ്മുടെ പിതാക്കന്മാരും, സഹോദരങ്ങളും ചെയ്തിട്ടുള്ള, ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സ്മരിക്കുന്നു. തങ്ങളുടെ ജീവനേക്കാളേറെ വിശുദ്ധ സഭയെ സ്നേഹിച്ചവരുടെ ഭാഷാ നൈപുണ്യവും, അക്ഷീണ പരിശ്രമവും എന്നും സ്മരിക്കപ്പെടുക തന്നെ ചെയ്യും. ഇത് വായിക്കുന്ന നിങ്ങളോരോരുത്തരും ജോലി കാര്യങ്ങളിലും, അല്ലാതെയും വിവിധ ഭാഷയിലും, സംസ്കാരത്തിലും ഉൾപ്പെട്ട ആൾക്കാരോട് ഇടകലർന്ന് പ്രവർത്തിക്കുന്നുണ്ടല്ലോ. അതുകൂടാതെ Acts 7-ാം അധ്യായത്തിലെ ആദ്യ 53 വാക്യങ്ങളിൽ സ്തേഫാനോസിന്റെ സുദീർഘ പ്രഭാഷണം നാം കാണുന്നു. യഹൂദജാതിയുടെ ചരിത്രം ആസ്പദമാക്കി വ്യക്തിപൂർവ്വം സംസാരിക്കയും ദൈവം വാഗ്ദത്തം ചെയ്ത മശിഹാ, യേശു ആണെന്നു തെളിയിക്കയും ചെയ്തു.

സ്തേഫാനോസിന് ലഭ്യമായ ദൈവീകജ് ഞാനം ദൈവരാജ്യഘോഷണത്തിനുള്ള മുഖാന്തിരമാക്കി മാററി.

## വിശ്വാസം.

തങ്ങളുടെ രക്ഷിതാവായി യേശുക്രിസ്തുവിനെ വിശ്വസിച്ചു സ്വീകരിച്ചവരാണ് ആദ്യ സഭാംഗങ്ങൾ. (Acts 2:44-47). ക്രിസ്തു യേശുവിലുള്ള അചഞ്ചലമായ വിശ്വാസത്താൽ സ്തേഫാനോസ് വലിയ അത്ഭുതങ്ങളും, അടയാളങ്ങളും ചെയ്തു (Acts 6:8). അതേ വിശ്വാസ സ്ഥിരതയാണ് സ്തേഫാനോസിന്റെ രക്തസാക്ഷി മരനത്തിലേക്കും നയിച്ചത്. (Acts 7:54-60) രക്തസാക്ഷികളുടെ ശരീരം വളമായും, രക്തം വെള്ളമായും സ്വീകരിച്ചതാണ് വി. സഭാ വൃക്ഷം ഈ അവസ്ഥയിലേക്ക് വളർന്നത്. ആദ്യകാലം മുതൽ ഈ അടുത്തകാലത്ത് ISIS തീവ്രവാദികളുടെ കൊലക്കത്തിമുനയിൽ ജീവൻ പൊലിഞ്ഞവരെ വരെ ആ ഗണത്തിൽ ഉൾപ്പെടും.

*'ലോകം താതസഹോദരൻ*
*ജാതിയതും, തറവാടും*
*ആകെയുപേക്ഷിച്ചേശുവിനായ്*
*മരണം സ്നേഹിച്ച*
*സഹദേന്മാരെ സദാകാലം*
*സ്മരണം ചെയ്തവതു നന്നേററം.'*

## സ്തേഫാനോസിന്റെ രക്തസാക്ഷിമരണം വി. സഭയുടെ വളർച്ചയ്ക്ക് എങ്ങനെ പ്രയോജനപ്പെട്ടു?

'കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ' എന്ന് പ്രാർത്ഥിച്ച് രക്തസാക്ഷി മരണം പ്രാപിച്ച സ്തേഫാനോസ് സഹദായുടെ മരണം സഭയ്ക്ക് ഒരു നഷ്ടമായിരുന്നില്ല. മറിച്ച് ഒരു വലിയ നേട്ടമായിരുന്നു.

വിശ്വാസികൾ യേരുശലേമിൽ നിന്ന്, ഫൊയ്നീക്യ, കുപ്രോസ്, അന്ത്യോക്യ എന്നീ പ്രദേശങ്ങളിലേക്ക് ചിതറിപ്പോകുവാൻ സ്തേഫാനോസിന്റെ രക്ത്സാക്ഷിമരണവും, തുടർന്നുള്ള പീഡയും കാരണമായി. അവിടൊക്കെ ജാതികളും സുവിശേഷം കേൾക്കാൻ ഇടയായി (Acts 11:19-20). സുവിശേഷം പ്രചരിച്ചത് മൂന്നു ഘട്ടങ്ങളിലായിരുന്നു.

ഒന്നാമത് : ശമര്യരോട് ഫിലിപ്പോസ് സുവിശേഷം അറിയിച്ചു (Acts 8:5). ശമര്യർ യഹൂദന്മാരെയും, ജാതികളുടെയും ഇടയിലെ മധ്യവർത്തികളായിരുന്നു.

രണ്ടാമത്: പത്രോസ് കൊർണല്യോസിന്റെ വീട്ടിൽ ചെന്ന് പുറജാതികളോട് സുവിശേഷം അറിയിച്ചു (Acts 10:44-48).

മൂന്നാമത്: അന്ത്യോക്യയിൽ ജാതികളോട് സുവിശേഷം പ്രസംഗിച്ചതോടുകൂടി സുവിശേഷം സാർവത്രീകമായിത്തീർന്നു (Acts 11:26) അങ്ങനെ സുവിശേഷം പരന്നു.

## ഒരു സാക്ഷി മറെറാരു സാക്ഷിയെ ഉളവാക്കുന്നു.

The blood ofa Martyr is the seed of the Church എന്നൊരു പ്രസ്താവനയുണ്ടല്ലോ. സ്തേഫാനോസിന്റെ മരണം ക്രിസ്തീയ സഭയ്ക്ക് നൽകിയ ഏററവും വലിയ നേട്ടവും അതുതന്നെ. സ്തേഫാനോസിന്റെ രക്തസാക്ഷി മരണത്തിന് സാക്ഷ്യം വഹിച്ച (Acts 7:58) യുവാവായിരുന്ന ശൗൽ യേശുക്രിസ്തുവിന്റെ പ്രഗത്ഭനായ അപ്പോസ്തലനായി മാറുവാൻ ഇടയായി.

## ഉപസംഹാരം.

വെളിപാട് 6:9 ൽ നാം വായിക്കുന്നു. ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിന് കീഴിൽ കണ്ടു. അങ്ങനെയെങ്കിൽ സ്തേഫാനോസ് സഹദാ സ്വർഗീയ യാഗപീഠത്തിനു അടിസ്ഥാനമായി സജീവമായി നിൽക്കുന്നു.

വെളി. 8:4 ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ദൂതന്റെ കയ്യിൽ നിന്ന് ദൈവ സന്നിധിയിലേക്ക് കയറി. വി. സ്തേഫാനോസ് സഹദാ നമുക്കുവേണ്ടി സജീവമായിനിന്ന് സ്വർഗീയ മാധ്യസ്ഥം അണയ്ക്കുന്നു. അദ്ദേഹത്തിന്റെ മധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ!